ഗാന്ധിദർശൻ ഉദ്ഘാടനം

നെയ്യാറ്റിൻകര: ഗാന്ധിദർശൻ നെയ്യാറ്റിൻകര ഉപജില്ലാ ഉദ്ഘാടനം ഊരൂട്ടുകാല ഗവ. എം.ടി.എച്ച്.എസിൽ നഗരസഭ ചെയർപേഴ്സൺ ഡബ്ലിയു.ആർ. ഹീബ നിർവഹിച്ചു. റെജിനോൾഡ് ആർ.എം. അദ്ധ്യക്ഷത വഹിച്ചു. നഗരസഭാ വൈസ് ചെയർമാൻ കെ.കെ. ഷിബു, വാർഡ് കൗൺസിലർ ഗീത, ബി.പി.ഒ സന്തോഷ്കുമാർ, ജെ.ഫസിലുദ്ദീൻ, സി.ആർ ആത്മകുമാർ, അനിൽരാജ്, ജസ്റ്റിൻരാജ്, അനിൽ മിറാൻഡ് എന്നിവർ പങ്കെടുത്തു.

പ്രഖ്യാപനത്തിലൊതുങ്ങി മലയോരത്തെ റബർ അധിഷ്ഠിത വ്യവസായം

KAUMUDI ALERT

ബി.രാജേന്ദ്രപ്രസാദ്

വെള്ളറട: മലയോരത്തെ റബർ അധിഷ്ഠിത വ്യവസായം പ്രഖ്യാപനത്തിലൊതുങ്ങുന്നു. പ്രധാന റബർ ഉത്പാദന മേഖലയായ നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകൾ കേന്ദ്രീകരിച്ച് റബർ അധിഷ്ഠിത വ്യവസായശാലകൾ ആരംഭിക്കുമെന്ന രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. വിവിധ മുന്നണികളുടെ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ റബർ കർഷകരുടെയും തൊഴിലാളികളുടെയും വോട്ട് ലക്ഷ്യമിട്ട് മാത്രമാണ് ഈ വാഗ്ദാനം നൽകുന്നത്.

നിരവധി റബർ അധിഷ്ഠിത വ്യവസായ ശാലകൾ സ്ഥാപിക്കാമെന്നിരിക്കേ ഒരു ചെറുകിട വ്യവസായ സ്ഥാപനം പോലും മലയോര ഗ്രാമങ്ങളിലില്ല. കർഷകന്റെ വോട്ട നേടി അധികാരത്തിലെത്തുന്ന ജനപ്രതിനിധികൾ പിന്നീട് അവരെ മറക്കുകയാണ് പതിവ്. മലയോരത്ത് ഉത്പാദിപ്പിക്കുന്ന റബർ ഉത്പന്നങ്ങൾ അതിർത്തി കടന്ന് ഇതര സംസ്ഥാനങ്ങളിലേയ്ക്കാണ് പോകുന്നത്. റബറിന് ഏറെ വിലക്കുറവ് അനുഭവപ്പെടുന്ന ഈ സാഹചര്യത്തിൽ സർക്കാർ ഇടപെട്ട് മലയോരമേഖലയിലെ കർഷകരിൽ നിന്നും റബർ സംഭരിച്ച് ഉത്പന്നങ്ങൾ നിർമ്മിച്ചാൽ കർഷകർക്കും ഉപഭോക്താക്കൾക്കും ആശ്വാസമാകും. ചെറുകിട കച്ചവടക്കാർ മാർക്കറ്റ് വിലയിൽ നിന്നും മിക്കപ്പോഴും രണ്ടും മൂന്നും രൂപ താഴ്ത്തിയാണ് കർഷകരിൽ നിന്നും റബർ ശേഖരിക്കുന്നത്.

റബർ കർഷകന് കാര്യമായ ആദായം ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് ശക്തമായ ഇടപെടലുണ്ടാവണമെന്ന ആവശ്യം ശക്തമാണ്.

കുറഞ്ഞ ചെലവിൽ ആരംഭിക്കാനാകുന്ന സംരംഭങ്ങൾ പോലും തുടങ്ങുന്നില്ല

ഏറ്റവും പെട്ടന്ന് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ കഴിയുന്ന റബർബാന്റ്നിർമ്മാണ യൂണിറ്റു പോലും സർക്കാരിന്റെ ഉടമസ്ഥതയിൽ പ്രധാന റബർ ഉത്പാദന കേന്ദ്രങ്ങളിലില്ല. കർഷകർ ഉത്പാദിപ്പിക്കുന്ന റബർ ന്യായമായവില നൽകി പൂർണമായി സംഭരിക്കാനുള്ള കേന്ദ്രങ്ങളും ഇവിടെയില്ല.

നെയ്യാർമേള - ലക്കിഡ്രാ കൂപ്പൺ വിതരണോദ്ഘാടനം

നെയ്യാറ്റിൻകര: കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി നെയ്യാറ്റിൻകര ഏരിയാ കമ്മിറ്റി ഓണാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന വ്യാപാര മേളയോടനുബന്ധിച്ച് ഏർപ്പെടുത്തിയ ലക്കിഡ്രാകൂപ്പണിന്റെ വിതരണോദ്ഘാടനം നടി സോന നായർ നെയ്യാറ്റിൻകര രാമകൃഷ്ണ ജ്ജ്വലറി ഉടമ സുനിൽ രാജഗോപാലിന് നൽകി നിർവഹിച്ചു. സമിതി ഏരിയാ പ്രസിഡന്റ് എം. സുരേഷ് കുമാർ, സെക്രട്ടറി എം. ഷാനവാസ്, ട്രഷറർ പി. പ്രദീപ്, ലക്കിഡ്രാ കൺവീനർ പി. ബാലചന്ദ്രൻ നായർ, സമിതി ഭാരവാഹികളായ വി. പുരുഷോത്തമൻ നായർ, കാലടി രാജേഷ് എന്നിവർ പങ്കെടുത്തു.

അദ്ധ്യാപക ഒഴിവ്

നെയ്യാറ്റിൻകര: കാഞ്ഞിരംകുളം പഞ്ചായത്ത് ഹൈസ്കൂളിൽ എൽ.പി.എസ്.എയുടെ ഒരു താത്കാലിക ഒഴിവുണ്ട്. ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം, ഉദ്യോഗാർത്ഥികൾ 14ന് ഉച്ചയ്ക്ക് 2ന് സ്കൂൾ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിന് ഹാജരാകണം.

രാമായണ പാരായണവും പ്രശ്നോത്തരിയും

നെയ്യാറ്റിൻകര: തത്വമസി സനാതന ധർമ്മ പ്രചാരണ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി അദ്ധ്യാത്മ രാമായണ പാരായണ മത്സരവും പ്രശ്നോത്തരിയും സംഘടിപ്പിക്കുന്നു. ഇന്ന് രാവിലെ 8ന് നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് സമീപം ടൗൺ എൽ.പി. സ്കൂളിലാണ് മത്സരം. ഫോൺ: 9567336353, 7356150699.

കെ.എസ്.എഫ്.ഇ ഏജന്റ്സ് അസോസിയേഷൻ

നെയ്യാറ്റിൻകര: കെ.എസ്.എഫ്.ഇ ഏജന്റ്സ് അസോസിയേഷന്റെ നെയ്യാറ്റിൻകര താലൂക്ക് കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എൻ. സുന്ദരം പിള്ള ഉദ്ഘാടനം ചെയ്തു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. ഗോപിനാഥൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ. മോഹനൻ നായർ, പി. വിജയകുമാർ, കെ. തുളസീധരൻ എന്നിവർ പങ്കെടുത്തു. ഭാരവാഹികളായി കെ. തുളസീധരൻ (പ്രസിഡന്റ്), പി. വിജയകുമാർ (സെക്രട്ടറി), ഇ.ജെ. എഡ്വിൻരാജ് (ഖജാൻജി), ബി. പ്രതാപൻതമ്പി, സുദേവൻ, ബിന്ദു രാജേന്ദ്രൻ (വൈസ്പ്രസിഡന്റുമാർ), എൽ.ശശികല സുരേഷ്, ബിനുകുമാർ, എസ്. രഘു, സജയകുമാർ വി.എസ്. (ജോയിന്റ് സെക്രട്ടറിമാർ) എന്നിവരെ തിരഞ്ഞെടുത്തു.

രാമായണ മാസാചരണ യജ്ഞം

തിരുവനന്തപുരം: കേരള വേദ താന്ത്രിക ജ്യോതിഷ പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന രാമായണ മാസാചരണ യജ്ഞത്തിന്റെ സമാപനം 15 ന് മുല്ലൂർ തലയ്ക്കോട് ശ്രീസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ നടക്കും.

രാവിലെ 5.30 ന് അഷ്ടദ്രവ്യ മഹാഗണപതിഹോമം, 8ന് അഹോരാത്ര രാമായണ പാരായണം സമാരംഭം, ഒന്നിന് അന്നദാനം, വൈകിട്ട് 4 ന് നാരങ്ങാദീപ പ്രകാശനം, രാത്രി 11.30 ന് വിശേഷാൽപൂജ, 16 ന് വെളുപ്പിന് 5 ന് ശ്രീരാമ പട്ടാഭിഷേകം തുടർന്ന് ലക്ഷ്മീനാരായണപൂജ, മംഗള ആരതി എന്നിവയും നടക്കും. പഠനകേന്ദ്രം ഡയറക്ടർ മുല്ലൂർ കെ. ശശിധരൻ മുഖ്യ കാർമ്മികത്വം വഹിക്കും.

ഫോൺ: 9495556638. 17 ന് രാവിലെ 4.30 മുതൽ ക്ഷേത്രത്തിൽ പുതുവത്സര പൂജകൾ ആരംഭിക്കും.

ട്രെയിനിൽ കഞ്ചാവുമായെത്തിയ യുവാവ് പിടിയിൽ

പാറശാല: തമിഴ്നാട്ടിൽ നിന്ന് ട്രെയിനിൽ 600 ഗ്രാം കഞ്ചാവുമായെത്തിയ യുവാവ് പാറശാല റെയിൽവേ പൊലീസിന്റെ പിടിയിലായി. നെടുമങ്ങാട് കന്യാകുളങ്ങര കൊഞ്ചിറ സി.എസ്.ഐ ചർച്ചിന് സമീപം മൂലയിൽ വീട്ടിൽ സഫറാണ് (30) പിടിയിലായത്.

ഇന്നലെ രാവിലെ 7.40 ന് പാറശാല സ്റ്റേഷനിലെത്തിയ നാഗർകോവിൽ - തിരുവനന്തപുരം പാസഞ്ചർ ട്രെയിനിലെ യാത്രക്കാരനായിരുന്നു പ്രതി. പൊലീസിനെ കണ്ട് ഓടിയ സഫറിനെ പിന്തുടർന്ന് പിടികൂടി പരിശോധിക്കുമ്പോഴാണ് പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ കഞ്ചാവ് കണ്ടെടുത്തത്. പളനിയിൽ നിന്ന് 3000 രൂപയ്ക്ക് വാങ്ങിയതാണെന്ന് പ്രതി പൊലീസിനോട് സമ്മതിച്ചിട്ടുണ്ട്.

പാറശാല റെയിൽവെ പൊലീസ് സ്റ്റേഷനിലെ എസ്.ഐ അനിൽകുമാർ, ഗ്രേഡ് എസ്.ഐ ഷിബുകുമാർ, സി.പി.ഒ അനിൽകുമാർ എന്നിവർ ചേർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ റിമാൻഡ് ചെയ്തു.

നാടാർ സമുദായം ഒന്നിച്ചു നിൽക്കണം: എൻ. ശക്തൻ

തിരുവനന്തപുരം: സാമൂഹ്യനീതി ലഭിക്കാൻ മതത്തിനും രാഷ്ട്രീയത്തിനും അതീതമായി നാടാർ സമുദായം ഒന്നിച്ചു നിൽക്കണമെന്ന് മുൻ സ്പീക്കർ എൻ. ശക്തൻ പറഞ്ഞു. കേരള നാടാർ മഹാജനസംഘം താലൂക്ക് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നാടാർ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പും വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. പലസ്ഥലത്തും അത് ലഭ്യമാകാത്ത അവസ്ഥയുണ്ടെന്നും ശക്തൻ പറഞ്ഞു. സംഘം പ്രസിഡന്റ് ഡോ.ഡി.ദേവപ്രസാദ് അദ്ധ്യക്ഷനായിരുന്നു താലൂക്ക് യൂണിയൻ പ്രസിഡന്റ് പേരൂർക്കട ചന്ദ്രൻ, പാറശാല കൃഷ്ണൻകുട്ടി, എൽ. രാജപ്പൻ നാടാർ, ആൽബർട്ട്, കെ. സി. രാജൻ നാടാർ, വൈ. വിജയൻ, ബിനുകുമാർ തുടങ്ങിയവർ സംസാരിച്ചു.

പാറശ്ശാല ശ്രീകൃഷ്ണ കോളേജ് ഒഫ് ഫാർമസി ആൻഡ് റിസർച്ച് സെന്റർ പ്രിൻസിപ്പൽ ഡോ. സി. ഡി. ഷാജി സെൽവൻ പിയർ ടീം ചെയർപേഴ്സൺ ഡോ. ചന്ദ്രകാന്ത് കൊകത്തെയിൽ നിന്ന് നാക് റിപ്പോർട്ട് സ്വീകരിക്കുന്നു

ശ്രീകൃഷ്ണ ഫാർമസി കോളേജിന് 'നാക്' അംഗീകാരം

തിരുവനന്തപുരം: പാറശ്ശാല ശ്രീകൃഷ്ണ കോളേജ് ഒഫ് ഫാർമസി ആൻഡ് റിസർച്ച് സെന്ററിന് നാഷ്ണൽ അക്രഡിറ്റേഷൻ (നാക്) കൗൺസിലിന്റെ അംഗീകാരം ലഭിച്ചു. ഈ കോളേജിൽ ബിഫാം, ഫാംഡി, ഫാംഡി (പി.ബി), എം.ഫാം കോഴ്സുകൾ നടത്തി വരുന്നു.

ഉറവിട മാലിന്യസംസ്കരണം അപ്രാപ്യം

പെരുമ്പഴുതൂർ ജംഗ്ഷനിലെത്തിയാൽ മൂക്കുപൊത്തി നടക്കണം

നെയ്യാറ്റിൻകര: മാലിന്യസംസ്കരണത്തിനായി നെട്ടോട്ടമോടുന്ന നഗരസഭയ്ക്ക് പെരുമ്പഴുതൂരിലെ മാലിന്യക്കൂമ്പാരം കീറാമുട്ടിയാകുന്നു.

പെരുമ്പഴുതൂർ ജംഗ്ഷനിലെ ഗവ. ഹൈസ്കൂളിന് സമീപത്തെ പാൽ സൊസൈറ്റിക്ക് എതിരെയുള്ള റോഡിനോട് ചേർന്നാണ് മാലിന്യം കുന്നുകൂടിക്കിടക്കുന്നത്. വിദ്യാർത്ഥികളടക്കമുള്ള യാത്രക്കാർക്ക് ഇതുവഴിയുള്ള സഞ്ചാരം അത്യന്തം ദുഷ്കരമാണ്.

മാലിന്യം കുന്നുകൂടിയിട്ടും നീക്കം ചെയ്യാൻ നഗരസഭാധികൃതർ തയാറാകുന്നില്ല. ജംഗ്ഷന് സമീപത്തായി നിരവധി സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും മറ്റ് വ്യാപാര സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. വ്യാപാരസ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങളാണ് ഇവിടെ നിക്ഷേപിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നതും പതിവാണ്.

പെരുമ്പഴുതൂർ ജംഗ്ഷനിലെ മാലിന്യനിക്ഷേപത്തിനെതിരെ ഐ.എൻ.ടി.യു.സി പെരുമ്പഴുതൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഫ്ലക്സ് ബോർഡ് സ്ഥാപിച്ചിരിക്കുന്നു.

> “ നഗരസഭാ പരിധിയിൽ മാലിന്യ സംസ്കരണത്തിന് സംവിധാനമില്ലാത്തതാണ് ഇവിടെ മാലിന്യം പെരുകുന്നതിനിടയാക്കുന്നത്. വ്യാപാരസ്ഥാപനങ്ങളിലും വീടുകളിലുമുള്ള മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കാൻ കഴിയുമെങ്കിലും അതിനൊന്നും തയാറാകാത്തതാണ് മാലിന്യനിക്ഷേപം പെരുകാനിടയാക്കുന്നത്.
>
> നാട്ടുകാർ

- മാലിന്യശേഖരത്താൽ ദുർഗന്ധപൂരിതമാണ് പരിസരം
- വിദ്യാർത്ഥികളടക്കമുള്ളവർക്ക് ഏറെ ബുദ്ധിമുട്ടാണ്
- ഭക്ഷണം പോലും കഴിക്കാൻ കഴിയാതെ സ്കൂൾ അധികൃതരുൾപ്പടെയുള്ളവർ

പ്രതിഷേധക്കൂട്ടായ്മ സംഘടിപ്പിച്ചു

പെരുമ്പഴുതൂർ ജംഗ്ഷനിൽ ഗവ. ഹൈസ്കൂളിന് സമീപം നിക്ഷേപിച്ചിരിക്കുന്ന മാലിന്യക്കൂമ്പാരം നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ഐ.എൻ.ടി.യു.സി പെരുമ്പഴുതൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധക്കൂട്ടായ്മ സംഘടിപ്പിച്ചു. മാലിന്യനിക്ഷേപത്തിനെതിരെ ഫ്ലക്സ് ബോർഡുകളും സ്ഥാപിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറി ജെ. ജോസ് ഫ്രാങ്ക്ളിൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് ഇളവനിക്കര സാം, നെയ്യാറ്റിൻകര ജയചന്ദ്രൻ, കെ.എസ്.യു നേതാക്കളായ വി.പി വിഷ്ണു, പനവിള സാബുരാജ്, രാഹുൽ വിഷ്ണുപുരം തുടങ്ങിയവർ നേതൃത്വം നൽകി. മാലിന്യം അടിയന്തരമായി നീക്കം ചെയ്യാത്തപക്ഷം ശക്തമായ സമരപരിപാടികൾക്ക് നേതൃത്വം നൽകുമെന്നും ഐ.എൻ.ടി.യു.സി പെരുമ്പഴുതൂർ മണ്ഡലം കമ്മിറ്റി പ്രസ്താവിച്ചു

സിനിമ

ന്യൂ (2323244) :: ■ screen 1 - **ചങ്ക്സ്** (M - 11.30, 2.30, 6.30, 9,30) ■ screen 2 - **DUNKIRK** (E - 11.30, 9.30 pm) **VIKRAM VEDHA** (T- 2.30, 6.15) ■ screen 3 - **JAB HARRY MET SEJAL** (H - 11.15) **TOILET** (H - 2.30, 6.15, 9.30) **ശ്രീകുമാർ** (2331222) :: **VIKRAM VEDHA** (T- 11.15, 2.30, 6.15, 9.30) **ശ്രീവിശാഖ്** (2331222) :: **തൃശ്ശിവപേരൂർ ക്ലിപ്തം** (M - 11.15, 2.30, 6.15, 9.30) **ശ്രീപത്മനാഭ** (2473999) :: **DJ** (M - 11.00, 2.30, 6.15, 9.30) **ദേവിപ്രിയ** (2473999) :: **SUNDAY HOLIDAYS** (M - 11.00, 2.30, 6.00, 9.30) **അജന്ത** (2472825) :: **VELAIILLA PATTADHARI 2** (T- 11.15, 2.15, 6.15, 9.15) **കൃപ** (2471655) :: **VELAIILLA PATTADHARI 2** (T- 1.00, 4.00, 7.00, 10.00) **സെൻട്രൽ** (2462865) :: **രാത്രി നേരത്ത്** (T-4 shows) **കൈരളി** (2332747) :: **CLINT** (M - 11.30, 2.30, 6.30, 9.30) **ശ്രീ** (2332747) :: **വർണ്യത്തിൽ ആശങ്ക** (M - 11.30, 2.30, 6.30, 9.30) **നിള** (2332747) :: **ചങ്ക്സ്** (M - 11.30, 2.30, 6.30, 9.30) **ധന്യ** (2476773) :: **DJ** (M - 11.15, 2.30, 6.15, 9.30) **രമ്യ** (2476773) :: **TOILET** (H - 11.15, 2.30, 6.15, 9.30) **ARIESPLEX SL CINEMA:** (0471 4066660) :: ■ Audi 1 - **DJ** (M - 11.30, 10.15) **VIP 2** (T - 3.00, 6.45) ■ Audi 2 - **ചങ്ക്സ്** (M - 11.00, 1.45, 7.45, 10.30) **TOILET EK PREM KATHA** (H - 4.30pm) ■ Audi 3 - **SPIDERMAN** (E -11.00) **THE EMOJI MOVIES** (E - 1.45) **തൊണ്ടിമുതലും ദൃക്സാക്ഷിയും** (M - 3.30) **സർവ്വോപരി പാലാക്കാരൻ** (M - 7.00) **CLINT** (M - 10.00) ■ Audi 4 - **തൃശ്ശിവപേരൂർ ക്ലിപ്തം** (M - 11.30, 2.45, 6.30, 9.45) ■ Audi 5 - **VIP 2** (T - 11.00. 10.30) **DJ** (M - 2.15, 7.30) **THE EMOJI MOVIES** (E - 5.15) ■ Audi 6 - **TOILET EK PREM KATHA** (H - 11.15) **SUNDAY HOLIDAYS** (M - 2.45. 10.00) **വർണ്യത്തിൽ ആശങ്ക** (M - 6.45) **കലാഭവൻ** (2322314) :: **തൊണ്ടിമുതലും ദൃക്സാക്ഷിയും** (M - 11.30, 2.30, 6.15, 9.30) **കഴക്കൂട്ടം കൃഷ്ണ** (2418144) :: **VIKRAM VEDHA** (T- 11.15) **തൃശ്ശിവപേരൂർ ക്ലിപ്തം** (M - 2.30, 6.15) **വർണ്യത്തിൽ ആശങ്ക** (M - 9.15) **വെട്ടുറോഡ് ഹരിശ്രീ** (0471 2755666) :: **ചങ്ക്സ്** (M - 11.00, 2.30, 6.15, 9.00) **കഠിനംകുളം ജി ട്രാക്സ്** (2757771) :: ■ screen 1 **VELAIILLA PATTADHARI 2** (T- 11.15, 2.00, 6.15, 9.30) ■ screen 2 **DJ** (M - 11.30, 2.30, 6.30, 9.30) **ആറ്റിങ്ങൽ ഡ്രീംസ്** (628997) :: **SUNDAY HOLIDAYS** (M - 11.15, 6.15) **CLINT** (M - 2.30, 9.30) **ആറ്റിങ്ങൽ ഗംഗ** (2629973) :: **DJ** (M - 11.15, 2.15, 6.00, 9.30) **ആറ്റിങ്ങൽ യമുന** (2629973):: **തൊണ്ടിമുതലും ദൃക്സാക്ഷിയും** (M - 11.15, 2.15) **വർണ്യത്തിൽ ആശങ്ക** (M - 6.15, 9.30) **ആറ്റിങ്ങൽ കാവേരി** (9287218284) :: **VELAIILLA PATTADHARI 2** (T- 11.15, 2.15, 6.15, 9.30)

ആറ്റിങ്ങൽ വൈശാഖ് (2622244) :: **ചങ്ക്സ്** (M - 11.15, 2.30, 6.15, 9.30) **ആറ്റിങ്ങൽ തപസ്യ** (3291113) :: **തൃശ്ശിവപേരൂർ ക്ലിപ്തം** (M - 11.00, 2.45, 6.30, 9.45) **ആറ്റിങ്ങൽ തപസ്യ പാരഡൈസ്** (620920):: No show **വർക്കല എസ്.ആർ** (0470 2602339) :: No show **വർക്കല വിമല** (2605700) :: **ടിയാൻ** (M - 11.00, 3.00, 6.30, 9.45) **വർക്കല സ്റ്റാർ സിനിമ** (2602344) :: **VIKRAM VEDHA** (T- 11.15) **വർണ്യത്തിൽ ആശങ്ക** (M - 2.30, 6.15. 9.30) **ചിറയിൻകീഴ് സ്വാമിജി** (9526752302) :: **ജോമോന്റെ സുവിശേഷങ്ങൾ** (M - 3.00, 6.30, 9.30) **നെടുമങ്ങാട് സൂര്യ** (2802223) :: **VELAIILLA PATTADHARI 2** (T- 11.00, 2.30, 6.15, 9.30) **നെടുമങ്ങാട് സൂര്യ പാരഡൈസ്** (2813259):: **VIKRAM VEDHA** (T- 11.00, 2.30, 6.15, 9.30) **നെടുമങ്ങാട് ശ്രീസരസ്വതി** (8111966043) :: **ചങ്ക്സ്** (M - 11.00, 2.30, 6.15, 9.30) **സൺഡേഹോളിഡേ** (M - 6.15) **നെടുമങ്ങാട് റാണി** :: **DJ** (M - 11.00, 2.30, 6.15, 9.30) **പാറശ്ശാല പടന്താലുംമൂട് ഐ.എം.പി** :: **തൃശ്ശിവപേരൂർ ക്ലിപ്തം** (M - 11.00, 2.30, 6.30, 9.30) **പെരിങ്ങമ്മല അശ്വതി** (2400394) :: **SUNDAY HOLIDAYS** (M - 2.30, 6.30, 9.30) **കളിയിക്കാവിള ശ്രീകാളീശ്വരി** (0471-2200073, 0471-2200174):: ■ Audi 1 - **VELAIILLA PATTADHARI 2** (T- 11.00, 2.30, 6.15, 9.30) **കളിയിക്കാവിള ശ്രീസരസ്വതി** (0471-2200073, 09747188040) :: ■ Audi 2 - **DJ** (M - 11.00, 2.30, 6.15 , 9.30) ■ Audi 3 - **ചങ്ക്സ്** (M - 11.00, 2.30, 6.15, 9.30) ■ Audi 4 - **CLINT** (M - 11.00, 2.30, 6.15, 9.30) ■ Audi 5 - **വർണ്യത്തിൽ ആശങ്ക** (M - 11.00, 2.30, 6.15, 9.30) **കളിയിക്കാവിള തമീൻസ് മാക്സ്** :: **പുലിമുരുകൻ** (M - 2.30, 6.15) **അച്ചം എമ്പത് മടമയ്യെട** (T - 11.00, 9.15) **നെയ്യാറ്റിൻകര ശുഭ** :: **SUNDAY HOLIDAYS** (M - 2.30, 6.30, 9.30) **പോത്തൻകോട് എം.ടി** (2419515) :: No show **വെഞ്ഞാറമൂട് സിന്ധു** (9746159088) :: No show **കാട്ടാക്കട ജയവിനായക** (2290867):: ■ screen 1 - **ഒരു സിനിമാക്കാരൻ** (M- 11.00, 2.30, 6.15, 9.30) ■ screen 2 - **തൊണ്ടിമുതലും ദൃക്സാക്ഷിയും** (M - 11.00, 2.30, 6.15, 9.30) **നെയ്യാറ്റിൻകര ശുഭ** :: **ടിയാൻ** (M - 2.30, 6.30, 9.30) **കള്ളിക്കാട് ദീപ** (9447553618) :: **രക്ഷാധികാരി ബൈജു** (M - 6.30, 9.30) **കാട്ടാക്കട ശ്രീമുരുക** (9995952120) :: **റോൾ മോഡൽ** (M - 2.30, 6.15, 9.00) **കിളിമാനൂർ എസ്.എൻ** :: **VIKRAM VEDHA** (T- 10.30, 2.30, 6.15, 9.00) **പനച്ചമൂട് യമുനലക്ഷ്മി** :: **കെട്ടു** (T -11.30, 2.30, 6.30, 9.30) **പേയാട് എസ്.പി സിനിമ** (0471-2289053) :: **തൃശ്ശിവപേരൂർ ക്ലിപ്തം** (M - 11.00, 2.30, 6.15, 9.30) **കല്ലറ ARS** (9526906021) :: **ബാഹുബലി 2** (M - 2.30, 6.30)

വിദ്യാഭ്യാസം ജനകീയമാകണം: മന്ത്രി സി. രവീന്ദ്രനാഥ്

തിരുവനന്തപുരം: പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്രമുന്നേറ്റത്തിന് വിദ്യാഭ്യാസം ജനകീയമായി മാറണമെന്നും അതിന് സമൂഹത്തിന്റെ പിന്തുണ അനിവാര്യമാണെന്നും മന്ത്രി സി.രവീന്ദ്രനാഥ് പറഞ്ഞു.

കെ. എസ്. ടി.എ നടത്തുന്ന 2000 ജനകീയ സദസുകളുടെ ആസൂത്രണ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രക്ഷിതാക്കളോടൊപ്പം സമൂഹത്തിലെ മറ്റുള്ളവരും ചേർന്ന് മേഖലയെ സംരക്ഷിക്കണം. അത് എല്ലാ പുരോഗതിക്കും അടിത്തറയായിത്തീരുമെന്നും അദ്ദേഹം പറഞ്ഞു. കെ. ജെ. ഹരികുമാർ അദ്ധ്യക്ഷത വഹിച്ചു.

കെ. സി. അലി ഇക്ബാൽ സ്വാഗതവും കെ.കെ.പ്രകാശൻ നന്ദിയും പറഞ്ഞു. എം.വി.ജയരാജൻ, ഹരിതകേരളം മിഷൻ സാങ്കേതിക ഉപദേഷ്ടാവ് അജയകുമാർ വർമ്മ, ജനറൽ സെക്രട്ടറി കെ.സി.ഹരികൃഷ്ണൻ എന്നിവർ സംസാരിച്ചു.

കെ.എസ്.ടി.എ നടത്തുന്ന 2000 ജനകീയ സദസുകളുടെ ആസൂത്രണ ശില്പശാല മന്ത്രി സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു

ഇന്ന്

ഐ.എം.ജി: കേരള ഇക്കണോമിക് അസോസിയേഷൻ വാർഷിക സമ്മേളനം, കേന്ദ്രമന്ത്രി നരേന്ദ്രസിംഗ് തോമർ, മന്ത്രി കെ.ടി. ജലീൽ- 10ന്

വൈലോപ്പിള്ളി സംസ്കൃതി ഭവൻ: കാവ്യശില്പശാല സമാപനം, അടൂർ ഗോപാലകൃഷ്ണൻ- 4ന്

സൂര്യകാന്തി ആർട്ട് ഗാലറി: ബി.ഡി. ദത്തന്റെ ചിത്രപ്രദർശനം 11 മുതൽ

പ്രസ് ക്ലബ്: ശ്രീകൃഷ്ണ ജയന്തി ബാലദിനം ജില്ലാസ്വാഗത സംഘം രൂപീകരണം- 5ന്

വൈലോപ്പിള്ളി സംസ്കൃതി ഭവൻ ആർട്ട് ഗാലറി: ജന്മനാ ഇരുകൈകളുമില്ലാത്ത സ്വപ്ന അഗസ്റ്റിന്റെ ചിത്രപ്രദർശനം 10ന്

ആനയറ വലിയ ഉദേശ്വരം ഗവൺമെന്റ് എൽ.പി സ്കൂൾ: ഇരയിമ്മൻ തമ്പി സ്മാരക സമിതിയുടെ ആഭിമുഖ്യത്തിൽ സൗജന്യ പി.എസ്.സി ക്ലാസ്- 10ന്

പൂജപ്പുര ഉണ്ണിനഗർ റസിഡന്റ്സ് അസോസിയേഷൻ ഹാൾ: പൊതുയോഗവും കുടുംബ ഡയറക്ടറി പ്രകാശനവും, മേയർ - 5ന്

കണ്ണമ്മൂല കമ്മ്യൂണിറ്റി ഹാൾ: അക്ഷരശ്ലോക സദസ്സ് -3ന്

മംഗലത്തുകോണം കാട്ടുനട ഭദ്രകാളീ ദേവീക്ഷേത്രം: ഹിന്ദുമതപഠന ക്ലാസ് 8.30, അലങ്കാര ദീപാരാധന -7ന്

ആനയറ ഈശാലയം: സാധനയും ഉപാസനയും രാവിലെ ആറ് മുതൽ വൈകിട്ട് അഞ്ച് വരെ

തിരുമല ആനന്ദാശ്രമം: കൂർമ്മപുരാണ യജ്ഞം- 9.30ന്

TRAVANCORE TITANIUM PRODUCTS LIMITED
KOCHUVELI,THIRUVANANTHAPURAM-695 021
PH : 0471 - 2500044, FAX : 2501533

E-TENDER NOTICE

Quotations are invited from experienced Suppliers in TWO BID system for the "For providing 30 Nos. of Security Guards on 3 shift basis for a period of one year." Tenders can be submitted only by on line through the portal www.etenders.kerala.gov.in.

Tender No : TTP/CD/CN/VC-01/Security/ 17-18, dt: 17.07.2017
Tender ID : 2017_TTPL_134080_1
Due date : 22.08.2017 up to 12.00 Noon
Sd/- Dy. General Manager (Commercial)

നെയ്യാറ്റിൻകര പ്രിൻസിപ്പാൾ മുൻസിഫ് കോടതി മുൻപാകെ

2017 സിവിൾ നമ്പർ : 405

വാദി : ഇന്ത്യൻ ഓവർസീസ് ബാങ്ക്, ചരോട്ടികോണം ബ്രാഞ്ച്, Rep: by its മാനേജർ, ഗിരീഷ് ജി.ജി, പാട്ടത്തിൽ വീട്, മേലംകോട്, നേമം, തിരുവനന്തപുരം.

പ്രതി : നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂർ വില്ലേജിൽ അരുവലൂർ, തിരുവാതിര ഭവനിൽ താമസം ബാലകൃഷ്ണപിള്ള ഭാര്യ സുനിത കുമാരി. എൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

ടി നമ്പർ കേസ്സിൽ പ്രതിയിൽ നിന്ന് തുക ഈടാക്കി കിട്ടുന്നതിലേക്കും മറ്റുമായി വാദി ബോധിപ്പിച്ച ആവലാതി 17.08.2017-ൽ വിചാരണവച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് കോടതി മുൻപാകെ താങ്കളോ താങ്കളുടെ ഏജന്റോ അഭിഭാഷകനോ ഹാജരായി തർക്കം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം താങ്കളെ കൂടാതെ ടി നമ്പർ കേസ് തീർച്ച ചെയ്യുമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻ പ്രകാരം, വാദിഭാഗം
അഡ്വക്കേറ്റ് കൂട്ടപ്പു യു. മുജീബ് (ഒപ്പ്)
നെയ്യാറ്റിൻകര, -.-.2017.

ദക്ഷിണ റെയിൽവേ

ദർഘാസ് നോട്ടീസ് നം. V/M CT/ GD/TVC/2017-OT-16 നുള്ള തിരുത്ത്

CD/TVC ലെ മാലിന്യ സംസ്കരണത്തിനുള്ള ദർഘാസ് തുറക്കുന്ന തീയതി 17.08.2017 ൽ നിന്ന് 07.09.2017 ലേക്ക് മാറ്റിയിരിക്കുന്നു. മറ്റ് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും മാറ്റമില്ല.

ഡിവിഷണൽ റെയിൽവേ
മാനേജർ (മെക്കാനിക്കൽ),
തിരുവനന്തപുരം-14

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

നമ്പർ.എ3-3967/ 2017 തീയതി: 11.08.2017

ദർഘാസ് പരസ്യം

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 പ്രോജക്ടുകൾക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനായി വിൻഡോ നം.G57139/2017 പ്രകാരം ദർഘാസ് പരസ്യം www.lsgkerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്രട്ടറി
കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ പരസ്യം

നം.01/AE/LSGD/VPL/ET/17-18 11.08.2017

വിളപ്പിൽ ഗ്രാമപഞ്ചായത്ത് 2017-2018 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധയിനം പൊതുമരാമത്തു പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന അംഗീകൃത കരാറുകാരിൽ നിന്ന് മത്സാരാധിഷ്ഠിത ഇ-ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

	ഇ-ടെണ്ടർഫോറങ്ങൾ ഓൺലൈനായി ലഭ്യമാകുന്ന തീയതി സമയം	ഇ-ടെണ്ടർഫോറങ്ങൾ ഓൺലൈനായി സമർപ്പിക്കാവുന്ന അവസാന തീയതി, സമയം	ഒറിജിനൽ പ്രമാണങ്ങൾ സ്പീഡ് പോസ്റ്റ്-രജിസ്റ്റേർഡ് പോസ്റ്റ് വഴി സമർപ്പിക്കേണ്ട അവസാനതീയതിസമയം	ദർഘാസ് ഓൺലൈനായി തുറക്കുന്നതീയതി, സമയം
റോഡ് ടാറിംഗ് റീടാറിംഗ് അനുബന്ധപ്രവൃത്തികൾ	16.08.2017, 11.00എ.എം	24.08.2017 4.00പി.എം.	29.08.2017 4.00പി.എം.	30.08.2017 11.00എ.എം.
റോഡ് കോൺക്രീറ്റിംഗ് അനുബന്ധപ്രവൃത്തികൾ	23.08.2017, 11.00എ.എം	11.09.2017 4.00പി.എം	15.09.2017 4.00പി.എം	16.09.2017 11.00എ.എം
റോഡ്സൈഡ്കെട്ട്,ഓട,ഇന്റർലോക്കിംഗ് അനുബന്ധപ്രവൃത്തികൾ	30.08.2017, 11.00എ.എം	17.09.2017, 4.00പി.എം	22.09.2017, 4.00പി.എം	23.09.2017, 11.00എ.എം
കെട്ടിടനിർമ്മാണം,മെയിന്റനൻസ് അനുബന്ധപ്രവൃത്തികൾ	11.09.2017, 11.00എ.എം	22.09.2017, 4.00പി.എം	26.09.2017, 4.00പി.എം	27.09.2017, 11.00എ.എം

ടെണ്ടർ സംബന്ധിച്ച വിശദവിവരങ്ങൾ www.tender.lsgkerala.gov.in, www.etenders.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്നും ലഭിക്കുന്നതായിരിക്കും.

(ഒപ്പ്) അസിസ്റ്റന്റ് എൻജിനീയർ,
എൽ.എസ്.ജി.ഡി സെക്ഷൻ, വിളപ്പിൽ ഗ്രാമപഞ്ചായത്ത്.

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

കാരുണ്യ KR- 306 നറുക്കെടുപ്പ് ഫലം 12.08.2017

സ്ഥലം: ശ്രീചിത്രാ ഹോം ഓഡിറ്റോറിയം, പഴവങ്ങാടി, കിഴക്കേക്കോട്ട, തിരുവനന്തപുരം

ഒന്നാം സമ്മാനം 75 ലക്ഷം രൂപ KK 179419 (കൊല്ലം)

സമാശ്വാസ സമ്മാനം 10,000 രൂപ

KA 179419	KB 179419	KC 179419	KD 179419	KE 179419	KF 179419
KG 179419	KH 179419	KJ 179419	KL 179419	KM 179419	

2-ാം സമ്മാനം 10 ലക്ഷം രൂപ

KK 207541 (പാലക്കാട്)

3-ാം സമ്മാനം 100000 രൂപ

KA 391594	KB 588580	KC 803100	KD 586550	KE 179096	KF 745536
KG 383639	KH 814310	KJ 418332	KK 490190	KL 577657	KM 240276

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 5000 രൂപ

0823	1907	3060	3994	6277	7445	7575	7885	8165	

5-ാം സമ്മാനം 2000 രൂപ

1082	1334	1812	1891	2731	3502	5840	6857	7179	7435
8223	8724								

6-ാം സമ്മാനം 1000 രൂപ

0004	0694	1513	1739	1825	1957	2036	2037	2069	2348
2771	3404	3663	3837	4009	4214	4218	4493	5153	5334
5410	5754	5789	6840	6875	7037	7246	8148	9017	9267
9436	9764								

7-ാം സമ്മാനം 500 രൂപ

0338	0369	0706	0838	0890	1203	1251	1916	2148	2577
2967	2972	3157	3765	4019	4028	4124	4430	4614	4674
4777	5791	6024	6370	6699	6775	7033	7471	7955	8072
8199	8297	8357	8394	8550	8977	9037	9462		

8-ാം സമ്മാനം 100 രൂപ

0126	0198	0304	0440	0617	0697	0958	1060	1129	1146
1452	1549	1573	1706	1754	1756	1844	1885	1960	2060
2076	2145	2226	2315	2335	2408	2518	2764	3040	3412
3413	3452	3483	3582	3863	3919	4171	4204	4274	4351
4428	4528	4756	4895	4917	5034	5173	5219	5359	5463
5519	5562	5614	5620	5785	5832	5843	5862	5864	5900
5931	5995	6168	6336	6345	6425	6855	7120	7653	7877
7911	7941	7951	8030	8063	8088	8653	8801	8906	9627
9818	9821								

(ഒപ്പ്) റ്റി.എ.പത്മകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

അടുത്ത കാരുണ്യ KR- 307 നറുക്കെടുപ്പ് 19-08-2017
ശ്രീ ചിത്രാ ഹോം ഓഡിറ്റോറിയം, പഴവങ്ങാടി, കിഴക്കേക്കോട്ട, തിരുവനന്തപുരം